LIBRARY ARCHIVES Kerala Legislative Assembly

ആശ്രിത നിയമനം

8 (9) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ കൊയ്യള്ളി കാരാഴ്മയിൽ ഓലകെട്ടിയിൽ 24-10-2011-ന് ബലാൽസംഗം ചെയ്ത കൊലപ്പെടുത്തിയ വിധവയായ സ്മിതയുടെ മകൾ വർഷയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരമുള്ള . ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 24-5-1999-ലെ ജി.ഒ.(പി) നമ്പർ 12/99/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കാണ് ആശ്രിത നിയമനം നൽകുന്നത്. മരണപ്പെട്ട സ്മിത സർക്കാർ ജീവനക്കാരിയല്ലാത്തതിനാൽ ആശ്രിത നിയമന പദ്ധതിയുടെ പരിധിയിൽ വരുന്നില്ല.

ക്ലിഫ് ഹൗസിൽവച്ചുള്ള ആർ. ബാലകൃഷ്ണപിള്ള-മുഖ്യമന്ത്രി കൂടിക്കാഴ്ച

9(11) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. നേതാവും, മുൻ മന്ത്രിയുമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള 2014 സെപ്റ്റംബർ 28-ന് ക്ലിഫ് ഹൗസിൽവെച്ച് ബഹു. മുഖ്യമന്ത്രിയെ നേരിൽ കാണുകയും ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിന്റെ മറവിൽ കോഴ വാങ്ങുന്നതിനെ കുറിച്ച് പരാതിപ്പെടുകയും ചെയ്തിട്ടുണ്ടോ;

(ബി) യു.ഡി.എഫ് നേതാവ് മുഖ്യമന്ത്രിയെ നേരിൽ കണ്ട് തന്റെ മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ ശ്രദ്ധയിൽപ്പെടുത്തിയ സംഗതികളിന്മേൽ മുഖ്യമന്ത്രി സ്വീകരിച്ച തുടർനടപടി എന്തായിരുന്നു?

ഉത്തരം

(എ) കണ്ടിരുന്നു. ധനകാര്യമന്ത്രിയെ കുറിച്ച് പരാതി ഒന്നും തന്നിരുന്നില്ല.

(ബി) ഉദിക്കുന്നില്ല.